"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in
തീയതി : 09-01-2020

## സർക്കുലർ നം 1 - (E6 - 215/2020/PrHQ)

ജയിൽ വകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളിലെ ജീവനക്കാരുടെ 2020 ലെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊതു മാനദണ്ഡങ്ങൾക്കനുസരിച്ച് നിശ്ചിത പ്രോഫോർമയിൽ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) 2020 ജനുവരി 31 നകം സമർപ്പിക്കേണ്ടതാണ്.

അന്തർ മേഖലാ സ്ഥലം മാറ്റം ആവശ്യമുള്ള ജീവനക്കാർ സ്ഥാപന മേധാവികൾ മുഖേന ജയിൽ ആസ്ഥാന കാര്യാലയത്തിലും മേഖലയ്ക്കുള്ളിൽ സ്ഥലം മാറ്റം വേണ്ടവർ സ്ഥാപന മേധാവികൾ മുഖേന അതാത് മേഖലാ ജയിൽ ഡിഐജി മാർക്കും നിശ്ചിത തീയതിക്കുള്ളിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

ആറ് (6) മാസത്തിനകം സ്ഥലം മാറ്റം ലഭിച്ചവരും ഒരേ സ്ഥാപനത്തിൽ മൂന്ന് വർഷത്തിൽ കൂടുതൽ ജോലിനോക്കിയതിനുശേഷം സ്ഥലം മാറ്റം ലഭിച്ചവരും അതേ സ്ഥാപനത്തിലേക്ക് വീണ്ടും സ്ഥലം മാറ്റം ആവശ്യപ്പെടാൻ പാടില്ല. എന്നാൽ ഇവർക്ക് അതേ ജില്ലയിലുള്ള മറ്റ് ജയിൽ സ്ഥാപനങ്ങളിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെടാവുന്നതാണ്. ടി നിബന്ധന സെൻട്രൽ ജയിലുകളിലേക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷിക്കുന്നതിന് ബാധകമല്ല,

നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. സ്ഥലം മാറ്റം ആവശ്യപ്പെടാനുള്ള കാര്യകാരണങ്ങൾ വ്യക്തമായ തെളിവ് സഹിതം അറിയിക്കേണ്ടതാണ്. കഴിഞ്ഞ 3 വർഷത്തിലിനുള്ളിൽ ജോലി ചെയ്ത സ്ഥാപനങ്ങളുടെ പേരും കാലയളവും കൂടി അപേക്ഷയിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ജയിൽ ഡിഐജിമാർ
ഉത്തര / മദ്ധ്യ / ദക്ഷിണ മേഖലകൾ

എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ് : സീനിയർ എ ഓ / പി എ ടു ഡിജിപി / സൂപ്രണ്ട് (എസ്റ്റ്) / സിഎ ടു ഡിജിപി / സിഎ ടു ഡിഐജി (HQ)/ ഇ 5 സീറ്റ് / ഫയൽ / കരുതൽ ഫയൽ.

DSP
10/1/20

E6-215/2020/PrHQ

1a2dc9